

നാം സത്യത്തിൽ
സ്വതന്ത്രരോ?
HAPPY
15
AUGUST
Independence
Day

## സത്യത്തിൽ നമ്മൾ സ്വതന്ത്രരോ?

തെരുവിൽ ആഘോഷങ്ങളുടെ ആവേശം നിറഞ്ഞു നിന്നിരുന്നു.

വല്ലാത്ത തിരക്ക്. എങ്ങും ഉത്സവത്തിമിർപ്പ്...

പെട്ടെന്നാണ് തെരുവോരത്തു ചെണ്ട കൊട്ടുന്ന ശബ്ദം മുഴങ്ങിയത്. കേട്ട പാതി കേൾക്കാത്ത പാതി, ജനമെല്ലാം അങ്ങോട്ട് തിരിഞ്ഞു. അവർ കണ്ടത് ഒരു കുരങ്ങുകളിക്കാരനെയായിരുന്നു. അയാളുടെ കയ്യിൽ ഒരു തുടൽ. അതിന്റെ മറ്റേ അഗ്രം ഒരു കുട്ടികുരങ്ങന്റെ കഴുത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. ഇനിയാണ് കളി.....

കുരങ്ങുകളിക്കാരൻ ഒരു പ്രത്യേക താളത്തിൽ കൈച്ചെണ്ട കൊട്ടിത്തുടങ്ങി.

താളം മുറുകിയ ഒരു ഘട്ടത്തിൽ അയാൾ ഉച്ചത്തിൽ പറഞ്ഞു, 'ചാടിക്കളിക്കെടാ കുട്ടിക്കുരങ്ങാ....'

അത് കേൾക്കേണ്ട താമസം, കുരങ്ങൻ തുള്ളിച്ചാടി നൃത്തം തുടങ്ങി. കാണികൾ കൈകൊട്ടി ആർക്കുകയും കുരങ്ങനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കുരങ്ങൻ ചാടി മറിയുന്നുണ്ട്. പക്ഷെ അതിന്റെ കണ്ണുകളിൽ വിഷാദത്തിന്റെ നിറം നിറഞ്ഞുനിൽക്കുന്നുണ്ടോ, ചിലർക്കൊരു സംശയം തോന്നി.

'എത്ര കയ്യടി കിട്ടിയാലും, താൻ അടിമയല്ലേ... യജമാനന്റെ താളത്തിനൊത്ത് തുള്ളേവനല്ലേ... കഴുത്തിൽ കുടുക്ക് കിടക്കുകയല്ലേ...', ഇങ്ങനെ ഒരു ചിന്ത കുരങ്ങന്റെ മനസ്സിൽ വന്നിട്ടുണ്ടാവുമോ?

ഇല്ല, അതിനു സാധ്യതയില്ല. കാരണം അത് വകതിരിവില്ലാത്ത ഒരു മൃഗമാണല്ലോ..

## എന്നാൽ മനുഷ്യന്റെ കഥ അതല്ല

അവൻ ഒരുതരത്തിലുമുള്ള അടിമത്തവും അംഗീകരിച്ചുകൊടുക്കുന്നവനല്ല. നല്ലതു.

പക്ഷെ, ഒരുകാര്യം ചോദിക്കട്ടെ, സ്വാതന്ത്ര്യം നേടി എന്ന് നിരവധി ദശാബ്ദങ്ങളായി ഉറക്കെ പറയുന്നുണ്ടെങ്കിലും നമ്മൾ സമ്പൂർണ്ണ സ്വാതന്ത്ര്യം നേടിയിട്ടുണ്ടോ?


നാം ഇന്നും എന്തിന്റെയൊക്കെയോ അടിമകളാണോ?

ഈ ചോദ്യത്തിന്റെ ഉത്തരം നമ്മെ ബുദ്ധിമുട്ടിക്കുമെന്നറിയാം...

ഒരു അടിമയായി ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലതെന്നു പറയുന്നവരാണ് മനുഷ്യർ പൊതുവെ. അഭിമാനികൾക്കു അങ്ങനെ മാത്രമേ പറയാനാവൂ. കാരണം, അന്യരുടെ താല്പര്യങ്ങൾക്കനുസരിച്ചു തുള്ളിക്കളിക്കുവാൻ, സ്വതന്ത്രമായി ചിന്തിക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്ന മനുഷ്യൻ താല്പര്യപ്പെടുകയില്ല.. ഒരു യന്ത്രമനുഷ്യനോ മരപ്പാവയോ കുട്ടിക്കുരങ്ങനോ ആകുവാൻ മനുഷ്യൻ ഒരിക്കലും ആഗ്രഹിക്കുകയില്ല.

## കുടഞ്ഞെറിഞ്ഞ അടിമനുകം

അതുകൊണ്ടാണല്ലോ, ബ്രിട്ടീഷുകാർ നമ്മുടെ ചുമലിൽ ഘടിപ്പിച്ച നുകം കുടഞ്ഞെറിയുവാൻ നമ്മുടെ പിതാക്കന്മാർ ധീരോദാത്തം പട പൊരുതിയത്. അഹിംസ ഉൾപ്പെട പല മാർഗങ്ങളിലൂടെ അവർ പോരാട്ടം നയിച്ചു. മഹാത്മാഗാന്ധിയെയും സുഭാഷ് ചന്ദ്രബോസിനെയും പോലുള്ള മഹാരഥന്മാരെ ആദരപൂർവം





നാം അനുസ്മരിക്കുന്നു. ഭഗത്സിങ്ങിനെപ്പോലെ ചിലർ ധീരരക്തസാക്ഷികളായി. അവസാനത്തെ ശ്വാസം വരെ, സ്വതന്ത്രഭാരതം അവരുടെ കിനാക്കളിൽ നിറഞ്ഞു നിന്നു.
ഒടുവിൽ, 1947 ഓഗസ്റ്റ് 14 ന്റെ അർദ്ധരാത്രിയിൽ ഡൽഹിയിലെ ചെങ്കോട്ടയിൽ നമ്മുടെ അഭിമാനത്തിന്റെ പ്രതീകമായ മൂവർണ്ണപതാക ഉയർന്നുപാറി. പിറ്റേന്ന് പ്രഭാതത്തിൽ സൂര്യൻ ഉദിച്ചത്, സ്വതന്ത്രഭാരതത്തിന്റെ തെരുവുകളിലായിരുന്നു.
ആദരപൂർവം ആ അഭിമാനമുഹൂർത്തം നാം ഇപ്പോഴും അനുസ്മരിക്കുന്നു. ആഘോഷിക്കുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യത്തെ നമ്മൾ എത്രമാത്രം വിലമതിക്കുന്നു എന്നതിന്റെ സൂചനയാണ് ഈ ദശാബ്ദങ്ങളത്രയുമായി തുടരുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളും റിപ്പബ്ലിക് ദിനാഘോഷങ്ങളുമെല്ലാം.

## സത്യത്തിൽ നാം സ്വാതന്ത്രരോ?

എന്നാൽ രാഷ്ട്രീയവിമോചനം കൊണ്ട് മാത്രം നമ്മൾ എല്ലാം നേടിയോ?
ഇല്ല എന്ന് നമുക്കറിയാം. രാഷ്ട്രീയ സ്വാന്ത്ര്യത്തോടൊപ്പം നമുക്ക് സാമൂഹ്യസ്വന്തന്ത്ര്യം വേണം. സാമ്പത്തികസ്വാതന്ത്ര്യവും വേണം.
എന്നാൽ യഥാർത്ഥത്തിൽ നമുക്ക് വേണ്ട സ്വാതന്ത്ര്യം ഇതിലെല്ലാം ഗൗരവമേറിയതാണ്. അത് നമ്മുടെ ഇച്ഛാശക്തികൾക്കനുസ്സരിച്ചു പ്രവർത്തിക്കുവാനാവാത്ത വിധം നമ്മെ കീഴ്പ്പെടുത്തുന്ന, നമ്മിൽ തന്നെയുള്ള പാപപ്രകൃതിയിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.
നന്മയെന്തെന്നു അറിയാത്തതല്ല മനുഷ്യന്റെ പ്രശ്നം. അവനിച്ഛിക്കുന്ന നന്മ ചെയ്യാൻ കഴിയാത്ത വിധം, അവന്റെ ശരീരം അവന്റെ ഇച്ഛകൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നു എന്നതാണ്.
ഒരുഘട്ടത്തിൽ ധൃതരാഷ്ട്രർ ഇങ്ങനെ വിലപിക്കുന്നു : 'നന്മയെന്തെന്നു എനിക്കറിയാം. അത് ചെയ്യാൻ എനിക്കാഗ്രഹമുണ്ട്. എന്നാൽ അതെനിക്ക് കഴിയുന്നില്ലല്ലോ,' ഇതാണ് എല്ലാ മനുഷ്യരുടെയും അവസ്ഥ.

## നിസ്സഹായനായ മനുഷ്യൻ

നന്മ ചെയ്യാനുള്ള നമ്മുടെ ഇച്ഛകളെ തോൽപ്പിച്ച്, നമ്മെക്കൊണ്ട് തിന്മ ചെയ്യിപ്പിക്കുന്ന ഒരു ശക്തി നമ്മുടെ ഉള്ളിൽ ഉണ്ട്. പാപം എന്നാണ് ആ ശക്തിയെ ബൈബിൾ വിശേഷിപ്പിക്കുന്നത്. അസൂയപ്പെടരുത്, കോപിക്കരുത്, ദുർമാർഗത്തിൽ പോകരുത്, അരുതാത്തതൊന്നും ചെയ്യരുത് എന്നൊക്കെ നാം ആഗ്രഹിക്കുമ്പോൾ തന്നെ, അറിയാതെ അതെല്ലാം ചെയ്തു പോകുന്നു. നിയന്ത്രിക്കാൻ ആവുന്നില്ല.. അതൊരുതരം അരിഷ്ടാവസ്ഥയല്ലേ? അപ്പോൾ പിന്നെ നാം പൂർണ്ണസ്വാതന്ത്രരാണെന്നു ആർക്കെങ്കിലും അവകാശപ്പെടാൻ ആവുമോ? നാം പോലും അറിയാതെ തിന്മയിലേക്ക് നമ്മെ വലിച്ചിഴക്കുന്ന ഈ ശക്തിയിൽ നിന്നല്ലേ നമുക്കു സത്യത്തിൽ സ്വാതന്ത്ര്യം വേണ്ടത്?
ഇവിടെ ഒരു മുന്നറിയിപ്പ് നൽകട്ടെ. ഈ പാപശക്തിക്കു അധീനമായ അവസ്ഥയിൽ നമ്മൾ തുടർന്നാൽ ആത്യന്തികമായി നമുക്കു ലഭിക്കാൻ പോകുന്നത് നിത്യമരണം അഥവാ നരകമാണ്. നരകം എന്നത് പിശാചിന്റെ അധിവാസകേന്ദ്രമാണ് .
ഈ ശപിക്കപ്പെട്ട അടിമത്തത്തിൽ നിന്നും മോചനം നേടുവാൻ, മനുഷ്യൻ കാലാകാലങ്ങളിൽ അനേകം പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്നതാണ് ചരിത്രം. ചേറുകത്തിൽ കിടക്കുന്നവൻ രക്ഷപെടുവാൻ വേണ്ടി സ്വന്തം തലമുടിയിൽ പിടിച്ചു വലിക്കുന്നത് പോലെ ആ പരിശ്രമങ്ങളെല്ലാം പാഴിലായി.

ഈ സാഹചര്യത്തിലാണ് പാപരഹിതനും സർവശക്തനും സ്നേഹസമ്പൂർണ്ണനുമായ യേശുക്രിസ്തുവിന്റെ പ്രസക്തി. പാപത്തിന്റെ അടിമത്തത്തിൽ നിന്നും നമുക്ക് സ്വാതന്ത്ര്യം നൽകുവാൻ വേണ്ടിയാണ്, സാക്ഷാൽ ദൈവമായ യേശുക്രിസ്തു മനുഷ്യനായി അവതരിച്ചത്. തന്റെ ഭൗമജനനത്തിനു മുൻപ് മാലാഖമാർ പറഞ്ഞു.‘ അവിടുന്ന് നമ്മെ പാപങ്ങളിൽ നിന്നും വിടുവിക്കാനിരിക്കകൊണ്ട്, അവിടുത്തേക്ക് യേശു എന്ന് പേരിടേണം.’ യേശു എന്നാൽ രക്ഷകൻ എന്നർത്ഥം.

അതെ, യേശു മനുഷ്യരക്ഷകനായിട്ടാണ് ഭൂമിയിൽ വന്നത്. പാപത്തിന്റെ അടിമത്തത്തിൽ നിന്നും നമ്മെ വിടുവിക്കുന്ന രക്ഷകൻ. നമ്മുടെ പാപത്തിന്റെ വേതനമായ മരണമാണ് യേശു ക്രൂശിൽ ഏറ്റെടുത്തത്. ഈ ദൈവപുത്രനെ നാം  രക്ഷകനായി അംഗീകരിക്കുകയും യജമാനനായി ഹൃദയത്തിലേക്ക് ക്ഷണിക്കുകയും ചെയ്യണം. അപ്പോൾ പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള മോചനം തൽക്ഷണം നമുക്ക് ലഭിക്കും. കൂടാതെ പാപത്തിന്റെ ശക്തിയിൽ നിന്നും സാന്നിധ്യത്തിൽ നിന്നും നമുക്കു ആത്യന്തികമായി മോചനം ലഭിക്കുകയും ചെയ്യും.

## ഏകവിമോചകൻ

പാപത്തിന്റെ അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ മറ്റാർക്കും സാധിക്കുകയില്ല. കാരണം, മനുഷ്യപാപത്തിന്റെ പരിണിതഫലമായ മരണം മനുഷ്യന് വേണ്ടി യേശു കാൽവരിയിലെ ക്രൂശിൽ ഏറ്റുവാങ്ങി. അങ്ങനെ ചെയ്ത മറ്റൊരാളുമില്ല. മാത്രമല്ല, മൂന്നാം നാൾ മരണത്തെ പരാജയപ്പെടുത്തി യേശു ഉയിർത്തെഴുന്നേൽക്കുകയും സ്വർഗത്തിലേക്ക് കരേറി പോകുകയും ചെയ്തു. മറ്റാരുമൊരുക്കാത്ത ഈ മോചനമാർഗം അംഗീകരിക്കാൻ തയ്യാറാകുന്ന ഏവർക്കും തൽക്ഷണം പാപത്തിന്റെ ശിക്ഷയിൽ നിന്നും മോചനം ലഭിക്കും.  ക്രിസ്തുവാണ് ഒരേയൊരു പാപവിമോചകൻ. ആത്മികപ്രശ്നങ്ങളോടൊപ്പം മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ യേശു പ്രാപ്തനാണ്.

പ്രിയ സ്നേഹിതാ, ഈ നിമിഷം തന്നെ ഈ യേശുവിനെ സ്വീകരിക്കുന്നതിൽ നിന്നും നിന്നെ തടയുന്നതു എന്താണ്?

എല്ലാ മനുഷ്യരെയും പോലെ താങ്കളും പാപത്തിന്റെ അടിമയാണെന്നു തുറന്നു സമ്മതിക്കുക.


ഈ മരണത്തിൽ നിന്നും മോചനം നല്കാൻ വേിയാണ് ക്രിസ്തു ക്രൂശിൽ മരിച്ചതെന്ന് അംഗീകരിക്കുക.

ഈ ക്രിസ്തുവിനെ ഹൃദയത്തിലേക്ക് ആത്മാർഥമായി ക്ഷണിക്കുക.

ഭാരതം മുഴുവനും സ്വാതന്ത്ര്യം ആഘോഷിക്കുന്ന ഈ വേളയിൽ, താങ്കൾക്ക് പാപത്തിന്റെ അടിമത്തത്തിൽ നിന്നും മോചനം നേടാൻ കഴിയട്ടെ. അങ്ങനെ താങ്കൾ സമ്പൂർണ്ണസ്വാതന്ത്രനാവട്ടെ.








കൂടുതൽ അറിയാൻ താല്പര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.

Published by
SATHGAMAYA MEDIA FOUNDATION
Mylapra Town P.O. Pathanamthitta. 689 678., Ph: 70340 33777

EBENEZER - 0487 2360992